നമ്പർ.ഇ.എക്സ് .സി.ജനറൽ 2/39330/2021/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ
കാര്യാലയം, പരീക്ഷാഭവൻ,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി: 10.11.2022

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - കെ-ടെറ്റ് ഒക്ടോബർ 2022 - അപേക്ഷയിൽ വന്ന പിഴവ് പരിഹരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 18.10.2022 -ലെ ഇതേ നമ്പർ വിജ്ഞാപനം.

# സർക്കുലർ

കെ-ടെറ്റ് ഒക്ടോബർ 2022 പരീക്ഷയ്ക്കായി അപേക്ഷിച്ചവരിൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഫോട്ടോ അല്ലാതെ അപേക്ഷയിൽ തെറ്റായ വിവരം ഉൾപ്പെടുത്തിപോയവർക്ക് അത് തിരുത്തുവാനുള്ള അവസരം 14/11/2022 വൈകിട്ട് 5 മണിവരെ https://ktet.kerala.gov.in എന്ന വെബ്സൈറ്റിലെ CANDIDATE LOGIN -ൽ ലഭ്യമാകുന്നതാണ്. അപേക്ഷ പരിപൂർണ്ണമായി സമർപ്പിച്ച എല്ലാ അപേക്ഷാർത്ഥികളും ആപ്ലിക്കേഷൻ നമ്പറും ആപ്ലിക്കേഷൻ ഐ.ഡി. യും നൽകി ഓൺലൈനായി CANDIDATE LOGIN ചെയ്ത് 14/11/2022 -ന് വൈകിട്ട് 5 മണിക്ക് മുമ്പായി അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളും ഫോട്ടോയും APPLICATION EDIT എന്ന ലിങ്കിലൂടെ നിർബന്ധമായും പരിശോധിക്കണം. ഈ അവസരത്തിൽ നിർദ്ദിഷ്ഠ മാതൃകയിലുള്ള ഫോട്ടോ ഉൾപ്പെടുത്തുന്നത് കൂടാതെ അപേക്ഷയിൽ നൽകിയിട്ടുള്ള ലാംഗ്വേജ്, ഓപ്ഷണൽ സബ്ജക്ടുകൾ, വിദ്യാഭ്യാസ ജില്ല, അപേക്ഷാർത്ഥിയുടെ പേര്, രക്ഷകർത്താവിന്റെ പേര്, ജെൻഡർ, ജനനതീയതി, എന്നിവയും തിരുത്താവുന്നതാണ്.

സെക്രട്ടറി